REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-02-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു നാല് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഗുജറാത്തിലെത്തും.
- പ്രയാഗ്‌രാജിലെ മഹാകുംഭമേള മഹാശിവരാത്രിയിലെ അവസാന പുണ്യസ്നാനത്തോടെ സമാപിച്ചു.
- മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ സ്വീകരിക്കുന്ന നടപടി വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം ഉച്ച കഴിഞ്ഞ് തിരുവനന്തപുരത്ത്.
- ഈ വർഷത്തെ തുഞ്ചൻ ഉത്സവത്തിന് ഇന്ന് തിരൂരിൽ തിരിതെളിയും.
- കോഴിക്കോട് കല്ലായിപ്പുഴയിലെ ചെളി നീക്കി ആഴംകൂട്ടുന്ന പ്രവൃത്തികൾ രാവിലെ ആരംഭിക്കും.
- ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിൽ നിന്ന് ഇംഗ്ലണ്ട് പുറത്തായി. അഫ്ഗാൻ സെമി പ്രതീക്ഷയിൽ.

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു നാല് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഗുജറാത്തിലെത്തും. രാവിലെ ഏകതാനഗറിൽ സർദാർ വല്ലഭ് ഭായി പട്ടേലിന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്ന രാഷ്ട്രപതി അഹമ്മദാബാദിലേക്ക് പോകും.

അഹമ്മദാബാദിൽ നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഡിസൈൻ NID-യുടെ 44-ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്ന ദ്രൗപതി മുർമു വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യും. നാളെ ഗാന്ധിനഗറിൽ നാഷണൽ ഫോറൻസിക്

സർവകലാശാലയുടെ മൂന്നാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്ന രാഷ്ട്രപതി ഭുജ്ജിലെ സ്മൃതിവൻ ഭൂകമ്പ സ്മാരകം സന്ദർശിക്കും.

✪✪✪

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം ഇന്ന്. ഉച്ച കഴിഞ്ഞ് സെക്രട്ടറിയേറ്റിലാണ് യോഗം.

വനം, ധനകാര്യം, തദ്ദേശ ഭരണം, വൈദ്യുതി, റവന്യൂ, ആരോഗ്യം, ജലസേചനം വകുപ്പ് മന്ത്രിമാരും, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുക്കും.

✪✪✪

പ്രയാഗ്‌രാജിലെ മഹാകുംഭമേള ഇന്നലെ രാത്രി മഹാശിവരാത്രിയിലെ അവസാന പുണ്യസ്നാനത്തോടെ സമാപിച്ചു. 45 ദിവസം നീണ്ടുനിന്ന കുംഭമേളയിൽ 66 കോടി 30 ലക്ഷത്തിലധികം ഭക്തർ പുണ്യസ്നാനം നടത്തി.

✪✪✪

രാജ്യമെങ്ങും ഭക്തർ മഹാ ശിവരാത്രി ആഘോഷിച്ചു.

കേരളത്തിലെ പ്രധാനശിവ ക്ഷേത്രങ്ങളിലെ പ്രത്യേക പൂജകളിലും ദീപം തെളിയിക്കലിലും ആയിരങ്ങൾ പങ്കാളികളായി.

ആലുവ മണപ്പുറം മഹാദേവ ക്ഷേത്രത്തിൽ വിവിധ ആഘോഷങ്ങളിൽ അനേകം ഭക്തർ പങ്കെടുത്തു. മണപ്പുറത്ത് സജ്ജമാക്കിയ 116 ബലിത്തറകളിൽ ആയിരങ്ങൾ ബലി തർപ്പണം നടത്തി. തൃശ്ശൂർ വടക്കുംനാഥൻ ക്ഷേത്രത്തിൽ ലക്ഷം ദീപം തെളിയിച്ചു.

കോഴിക്കോട് ശ്രീകണ്ഠേശ്വര ക്ഷേത്രത്തിലും ശിവരാത്രി ആഘോഷിച്ചു.

✪✪✪

അരുണാചൽ പ്രദേശിന്റെ തലസ്ഥാനമായ ഇറ്റാനഗറിലും അസമിലെ മോറിഗാവിലും പുലർച്ചെ 2:25 ന് ഭൂചലനം ഉണ്ടായി. റിക്ടർ സ്കെയിലിൽ 5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ ആളപായമോ വലിയ നാശനഷ്ടങ്ങളോ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

✪✪✪

ഈ വർഷത്തെ തുഞ്ചൻ ഉത്സവത്തിന് ഇന്ന്  തിരൂരിൽ തിരിതെളിയും.

അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന തുഞ്ചൻ ഉത്സവം വിഖ്യാത സാഹിത്യകാരൻ എം.ടി വാസുദേവൻ നായർക്ക് പ്രണാമം അർപ്പിച്ച് രാവിലെ പ്രശസ്ത തമിഴ് സാഹിത്യകാരി ശിവശങ്കരി  ഉദ്ഘാടനം ചെയ്യും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....വോയ്സ്......

തുഞ്ചൻ പുസത്കോത്സവം എം പി അബ്ദുസമദ് സമാദാനി എം പി ഉദ്ഘാടനം ചെയ്യും. പ്രദർശനോദ്ഘാടനം കുറുക്കോളി മൊയ്തീൻ MLA നിർവഹിക്കും. മലയാളത്തിന്റെ ആകാശം എന്ന വിഷയത്തിൽ  തുഞ്ചൻസ്മാരക പ്രഭാഷണം കെ സി നാരായണൻ നിർവഹിക്കും. തുടർന്ന് കോളേജ് വിദ്യാർത്ഥികൾക്കായി ദ്രുത കവിതാരചനാ മത്സരവും MT യെ കേന്ദ്രീകരിച്ച് സാഹിത്യ ക്വിസും നടക്കും. വൈകിട്ട് നാലിന് കോഴിക്കോട് ആകാശവാണിയുടെ കവിസമ്മേളനം അരങ്ങേറും.

✪✪✪

സരസകവി മൂലൂർ തലമുറകൾക്കിപ്പുറവും മനുഷ്യ മനുസുകളെ പ്രചോദിപ്പിക്കുന്ന സ്മരണയാണെന്ന് മന്ത്രി വീണാജോർജ് പറഞ്ഞു. സരസകവി മൂലൂർ S. പത്മനാഭ പണിക്കരുടെ 156-ാമത് ജയന്തിയും സ്മാരകത്തിന്റെ 36-ാമത് വാർഷികവും പ്രമാണിച്ച് മൂന്നു ദിവസമായി ഇലവുംതിട്ടയിൽ നടന്ന ആഘോഷപരിപാടികളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.  മൂലൂർ അവാർഡും മന്ത്രി വിതരണം ചെയ്തു.

ശ്രീനാരായണ ഗുരുവും,  മൂലൂരും മറ്റും സമൂഹത്തിൽ നിന്ന് അകറ്റിയ ഉച്ചനീചത്വങ്ങളെ വാക്കുകളിലൂടെ തിരികെക്കൊണ്ടുവരാൻ ബോധപൂർവമായ ശ്രമം നടക്കുന്നുണ്ടെന്നും  മന്ത്രി പറഞ്ഞു.

✪✪✪

UK ആസ്ഥാനമായ നോർത്ത് സ്റ്റാർ ഷിപ്പിംഗ് ലിമിറ്റഡിന് വേണ്ടി  നിർമ്മിക്കുന്ന അത്യാധുനിക ഹൈബ്രിഡ് ഇലക്ട്രിക് സർവീസ് ഓപ്പറേഷനൽ വെസലിന്റെ സ്റ്റീൽ കട്ടിംഗ് ചടങ്ങ് കൊച്ചി കപ്പൽശാലയിൽ നടന്നു.

കടലിലെ  കാറ്റാടി യന്ത്രങ്ങളുടെ അറ്റകുറ്റപണികൾക്ക് പ്രയോജനപ്പെടുത്തുന്ന ഇത്തരം യാനങ്ങൾക്ക്  മൂന്ന് ഡീസൽ യന്ത്രങ്ങളും, ലിഥിയം അയോൺ ബാറ്ററികളും സംയുക്തമായാണ്  ഊർജ്ജം നൽകുന്നത്.

54 ജീവനക്കാരെ ഉൾക്കൊള്ളാൻ കഴിയുന്ന ഇത്തരം രണ്ട് കപ്പലുകൾ കൊച്ചി കപ്പൽശാല കമ്പനിക്ക് നിർമ്മിച്ചു നൽകും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ കോഴിക്കോട് ജില്ലയിലെ തീരദേശ സർഗയാത്ര ബേപ്പൂർ ബീച്ചിൽ സമാപിച്ചു. മന്ത്രി PA മുഹമ്മദ് റിയാസ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ലയുടെ തീരപ്രദേശങ്ങളിൽ പര്യടനം നടത്തിയ ശേഷമാണ് സർഗ യാത്ര ബേപ്പൂരിൽ സമാപിച്ചത്.

ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ ആലപ്പുഴയിൽ നിന്നും ആരംഭിച്ച യാത്ര വരും ദിവസങ്ങളിൽ കാസർഗോഡ് വരെ തീരദേശ ജില്ലകളിലൂടെ സഞ്ചരിച്ച് അടുത്തമാസം 16ന് വിഴിഞ്ഞത്ത് സമാപിക്കും. ഇവിടങ്ങളിലെ പ്രാദേശിക കലാരൂപങ്ങളെ ഡിജിറ്റൽ രൂപത്തിൽ ആർകൈവ് ചെയ്ത് വരും തലമുറയ്ക്കു വേണ്ടി സംരക്ഷിക്കുന്ന പദ്ധതിയും യാത്രയുടെ ഭാഗമായി ആവിഷ്ക്കരിച്ചിട്ടുണ്ട്.

✪✪✪

കടൽ മണൽ ഖനനത്തിനെതിരെ കേരള സ്റ്റേറ്റ് ഫിഷറീസ് കോർഡിനേഷൻ കമ്മിറ്റി ആഹ്വാനം ചെയ്ത 24 മണിക്കൂർ തീരദേശ ഹർത്താൽ ആരംഭിച്ചു. ഇന്ന് രാത്രി 12 വരെ സംസ്ഥാന വ്യാപകമായി മത്സ്യത്തൊഴിലാളികൾ കടലിൽ പോകില്ലെന്ന് സമരസമിതി അറിയിച്ചു.

✪✪✪

കോഴിക്കോട് കല്ലായിപ്പുഴയിൽ ചെളി നീക്കി ആഴംകൂട്ടുന്ന പ്രവൃത്തികൾ ഇന്ന് രാവിലെ തുടങ്ങും.

മാങ്കാവ് കടുപ്പിനി മുതൽ പുഴ കടലില് ചേരുന്ന കോതി വരെ 4.2 കിലോമീറ്ററിൽ 2.7 മീറ്റർ ആഴത്തിലാണ് ചെളി നീക്കുന്നത്. 12 കോടി 98 ലക്ഷം രൂപയുടേതാണ് പദ്ധതി. ഒന്നരപ്പതിറ്റാണ്ടിന്റെ കാത്തിരിപ്പിനൊടുവിലാണ് കല്ലായി പുഴയിലെ ചെളി നീക്കി ആഴം കൂട്ടുന്നത്.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്..........

കല്ലായി പുഴ ആഴം കൂട്ടുന്നതിന് മുന്നോടിയായി CWRDM പഠനം നടത്തിയിരുന്നു. ഇവിടുത്തെ ജീവജാലങ്ങളുടെ സാന്നി ധ്യം, ചെളി നീക്കി നാലരക്കിലോമീറ്റർ അകലെ ആഴക്കടലിൽ നിക്ഷേപിക്കുന്ന കാര്യം

എന്നിവയെല്ലാം പഠന വിധേയമാക്കി. പ്ലാസ്റ്റിക്കും മറ്റ് മാലിന്യവും നിക്ഷേപിക്കാൻ കോർപ്പറേഷൻ തന്നെ സ്ഥലം കണ്ടെത്തും.

മാലിന്യംനിറഞ്ഞ് കല്ലായിപ്പുഴയിലെ ഒഴുക്ക് പലയിടത്തും നിലച്ചിരിക്കുകയാണ്. നഗരത്തിലെ വെള്ളക്കെട്ടിന് പരിഹാരം കല്ലായിപ്പുഴയിലെ ആഴം കൂട്ടൽ മാത്രമാണെന്നാണ് കണക്കാക്കുന്നത്. 70 ഓവുചാലുകളിൽ നിന്നു വെള്ളം പുഴയിലെത്തുന്നുണ്ട്.

കോതി അഴിമുഖത്തിനോട് ചേർന്ന് പുലിമുട്ടിന്റെ പണിയും നടക്കുന്നുണ്ട്. പുഴയെ കടലിൽ മൂന്നര മീറ്ററോളം എത്തിക്കാൻ ഇതിലൂടെ സാധിക്കും. ഇതുമൂലം മണ്ണടിഞ്ഞുകൂടില്ലെന്നും ഒഴുക്കിന് തടസം വരില്ലെന്നും ജലസേചന വകുപ്പ് അധികൃതർ പറഞ്ഞു.

കേന്ദ്ര പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്തെ ഏറ്റവും മലിനമാക്കപ്പെട്ട പുഴയാണ് കല്ലായി. ചെളി നീക്കി മാലിന്യ മുക്തമാകുന്നതോടെ മത്സ്യസമ്പത്ത് വർദ്ധിക്കുന്നതോടൊപ്പം കല്ലുമ്മക്കായയും സാധാര ണമീനുകളുമെല്ലാം പുഴയെ സമ്പന്നമാക്കും.

✪✪✪

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിൽ നിന്ന് ഇംഗ്ലണ്ട് പുറത്തായി. ലാഹോറിലെ ഗദ്ദാഫി സ്റ്റേഡിയത്തിൽ ഇന്നലെ രാത്രി നടന്ന ഗ്രൂപ്പ് B-യിലെ മത്സരത്തിൽ അഫ്ഗാനിസ്താനോട് എട്ട് റൺസിന് പരാജയപ്പെട്ടാണ് ഇംഗ്ലണ്ട് പുറത്തായത്. ജയത്തോടെ അഫ്ഗാൻ സെമി പ്രതീക്ഷ സജീവമാക്കി.

അഫ്ഗാനിസ്താൻ ഉയർത്തിയ 326 റൺസ് വിജയലക്ഷ്യത്തിലേക്ക് ബാറ്റേന്തിയ ഇംഗ്ലണ്ട് 317 റൺസിന് പുറത്തായി. ആദ്യ മത്സരത്തിൽ ഓസീസിനോട് ഇംഗ്ലണ്ട് പരാജയപ്പെട്ടിരുന്നു.

ചാമ്പ്യൻസ് ട്രോഫിയിലെ അവസാന ഗ്രൂപ്പ് മത്സരത്തിൽ പാകിസ്ഥാനും ബംഗ്ലാദേശും ഇന്ന് റാവൽപിണ്ടിയിൽ ഏറ്റുമുട്ടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2:30 നാണ് മത്സരം.

✪✪✪

വനിതാ ട്വന്റി-20 പ്രീമിയർ ലീഗ് ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് UP വാരിയേഴ്സിനെ 8 വിക്കറ്റിന് പരാജയപ്പെടുത്തി. ബാംഗ്ലൂരിലെ M ചിന്നസ്വാമി സ്റ്റേഡിയത്തിൽ UP വാരിയേഴ്സ് ഉയർത്തിയ 143 റൺസ് വിജയലക്ഷ്യം മുംബൈ, 17 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 143 റൺസെടുത്ത് മറികടന്നു.

ഇന്ന് ബംഗലൂരുവിൽ റോയൽ ചലഞ്ചേഴ്സ് ബംഗലൂരു, ഗുജറാത്ത് ജയന്റ്സിനെ നേരിടും. രാത്രി 7.30 നാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഈസ്റ്റ് ബംഗാൾ FC, ഹൈദരാബാദ് FC യെ പരാജയപ്പെടുത്തി. കൊൽക്കത്തയിൽ എതിരില്ലാത്ത രണ്ടു ഗോളുകൾക്കാണ് ഈസ്റ്റ് ബംഗാളിന്റെ ജയം.

ഇന്ന് പഞ്ചാബ് FC, FC ഗോവയെ നേരിടും. രാത്രി 7.30 ന് ഡൽഹിയിലാണ് മത്സരം.

✪✪✪

ന്യൂഡൽഹിയിൽ ഏഷ്യൻ വനിതാ  ബാസ്ക്കറ്റ് ബോൾ ടൂർണ്ണമെന്റിൽ ഇന്ത്യയ്ക്ക്  കിരീടം. മാല ദ്വീപിനെ  മുപ്പത്തിരണ്ടിനെതിരെ 107 പോയിന്റുകൾക്ക് തോൽപ്പിച്ചാണ് ഇന്ത്യ കിരീടം കരസ്ഥമാക്കിയത്. ഇതോടെ ജൂലൈയിൽ ചൈനയിൽ നടക്കുന്ന ഏഷ്യൻ കപ്പിന് ഇന്ത്യ യോഗ്യത ഉറപ്പിച്ചു.

✪✪✪

കുടുംബശ്രീ ബഡ്സ് സ്കൂൾ, BRC വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന പ്രഥമ സംസ്ഥാന കായികമേള "ബഡ്സ് ഒളിമ്പിയ' ഇന്ന്  കലിക്കറ്റ് സർവകലാശാലാ സിന്തറ്റിക് ട്രാക്കിൽ ആരംഭിക്കും. രണ്ട് ദിവസത്തെ കായികമേളയിൽ 35 ഇനങ്ങളിൽ മത്സരമുണ്ടാകും. സംസ്ഥാനത്തെ 378 സ്ഥാപനങ്ങളിൽനിന്ന് അറന്നൂറിലധികം വിദ്യാർഥികൾ പങ്കെടുക്കും.

സബ് ജൂനിയർ, ജൂനിയർ, സീനിയർ, ലോവർ എബിലിറ്റി, ഹയർ എബിലിറ്റി വിഭാഗങ്ങളിലാണ് മത്സരങ്ങൾ.

✪✪✪

പാലക്കാട് മണപ്പുളിക്കാവ് വേല ഇന്ന് ആഘോഷിക്കും. വേലയോടനുബന്ധിച്ച് ഉച്ചയ്ക്ക് ശേഷം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

പാലക്കാട് താലൂക്കിലെ എല്ലാ ഗവൺമെന്റ് ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥപനങ്ങൾക്കും ജില്ലാ കളക്ടർ ഇന്ന്  പ്രാദേശിക അവധി നൽകി.

✪✪✪

ഗുരുവായൂരിൽ രോഗിയുമായി പോയ ആംബുലൻസ് ഇടിച്ച് സ്കൂട്ടർ യാത്രക്കാരി മരിച്ചു. മുണ്ടൂർ സ്വദേശി ലക്ഷ്മിയാണ് മരിച്ചത്.

✪✪✪

കോട്ടയ്ക്കൽ പുത്തനത്താണിയിൽ നിർമ്മാണം നടക്കുന്ന ദേശീയ പാതയിൽ ബസ് മറിഞ്ഞ് 18 പേർക്ക് പരിക്കേറ്റു. ഇവരെ വെട്ടിച്ചിറ, പുത്തനത്താണി, വളാഞ്ചേരി, കോട്ടക്കൽ എന്നിവിടങ്ങളിലെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

✪✪✪

പാർട്ടി നേതൃത്വം ആവശ്യപ്പെട്ടാൽ KPCC പ്രസിഡന്റ് സ്ഥാനം ഒഴിയാൻ തയ്യാറാണെന്ന് K സുധാകരൻ MP അറിയിച്ചു. കോൺഗ്രസ്സിൽ കിട്ടാവുന്നതെല്ലാം തനിക്ക് കിട്ടിയിട്ടുണ്ടെന്നും അതിൽ തൃപ്തനാണെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. എന്നാൽ പദവിയിൽ നിന്നും മാറണമെന്ന് ഇതുവരെ ആരും ആവശ്യപ്പെട്ടിട്ടില്ലെന്നും സുധാകരൻ വ്യക്തമാക്കി.

✪✪✪

കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ തമ്പടിച്ച കാട്ടാനകളെ തുരത്തുന്നതിനു ദൗത്യം പുരോഗമിക്കുന്നു.

ഇന്നലെ 6 ആനകളെ കാട്ടിലേക്ക് തുരത്തി.

വനത്തിലേക്ക് തുരത്തിയ ആനകൾ തിരികെ ജനവാസകേന്ദ്രത്തിൽ എത്തുന്നത് തടയാനായി ക്രമീകരണങ്ങളും ഏർപ്പെടുത്തി വരുന്നു.

കഴിഞ്ഞദിവസം ദമ്പതികളായ രണ്ടുപേർ ആനയുടെ ചവിട്ടേറ്റ് കൊല്ലപ്പെട്ടതിനെ തുടർന്നാണ് തുരത്തൽ ദൗത്യം ശക്തമാക്കിയത്

✪✪✪

ധ്രുവ മേഖലയിലെ ഇന്ത്യയുടെ രണ്ടാം ശീതകാല പര്യവേഷണത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഗവേഷണ വിദ്യാർഥിയും പങ്കുചേരും. നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ചിന്റെ നേതൃത്വത്തിൽ നടക്കുന്ന പര്യവേഷണത്തിൽ മറ്റന്നാൾ ആരംഭിക്കുന്ന മൂന്നാമത്തെ ബാച്ചിലാണ് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ M. വിഷ്ണു ശ്രീജിത്ത് ഇന്ത്യൻ സംഘത്തിന്റെ ഭാഗമാകുക.

ആർട്ടിക് മേഖലയിലെ ഹിമപാതത്തിൽ മൈക്രോ പ്ലാസ്റ്റിക്കുകളുടെയും സമാനമായ മാലിന്യങ്ങളുടെയും സാന്നിധ്യത്തെക്കുറിച്ചാണ് മഹാത്മാ ഗാന്ധി സർവകലാശായുടെ പ്രോജക്കിന്റെ ഭാഗമായി വിഷ്ണു പഠനം നടത്തുക.

✪✪✪

ക്യാൻസർ പ്രതിരോധ ജനകീയ ക്യാമ്പയിൻ ആയ ആരോഗ്യം ആനന്ദത്തിന്റെ ഭാഗമായി ഇന്ന് കണ്ണൂർ കലക്ടറേറ്റിലെ വനിതാ ജീവനക്കാർക്കും നഗരത്തിലെ വനിതാ പോലീസുകാർക്കും കോടതി ജീവനക്കാർക്കും വനിതാ അഭിഭാഷകർക്കുമായി ക്യാൻസർ പരിശോധന മെഗാ ക്യാമ്പ് നടത്തും.

ജില്ലയിൽ ഇതുവരെ 23,368 വനിതകളിൽ ക്യാൻസർ പരിശോധന നടത്തി.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: ഹക്കീം കൂട്ടായി*
*Casual Newsreader: അനുഷ ആത്മപ്രകാശ്*
*DEO : സുബോധ് സി കെ*

आकाशवाणी